## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2806

12.03.2018-ൽ മറുപടിക്ക്

### മത്സ്യത്തൊഴിലാളികൾക്ക് ഗ്രൂപ്പ് ഇൻഷുറൻസ്

ചോദ്യം | ഉത്തരം

| | ശ്രീ.എം. വിൻസെന്റ് | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | മത്സ്യത്തൊഴിലാളികൾക്ക് വേണ്ടി ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കാൻ 2017-18 വർഷത്തിൽ തുക വകയിരുത്തിയിരുന്നോ; വ്യക്തമാക്കാമോ; | (എ) | മത്സ്യത്തൊഴിലാളികൾക്ക് വേണ്ടി ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ 2017-18 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ 500 ലക്ഷം രൂപ വകയിരുത്തിയിട്ടു ണ്ട്. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 237800 മത്സ്യത്തൊഴിലാളികളെ 17.12.2017 മുതൽ ഇൻഷ്വർ ചെയ്യുന്നതിന് ഇ-ടെൻഡർ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത (ആളൊന്നിന് 265.50/-രൂപ) ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി മുഖേന ഇൻഷ്വറൻസ് പുതുക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തുകഴിഞ്ഞു ടി പദ്ധതി പ്രകാരം 17.12.2017 മുതൽ 16.12.2018 വരെ ഒരു വർഷത്തേയ്ക്ക് മത്സ്യബന്ധനത്തിനിടയിൽ കാണാതാകൽ, അപകടമരണം, അപകടംമൂലം സ്ഥിരവും പൂർണ്ണവുമായ അവശത എന്നിവയ്ക്ക് 10 ലക്ഷം രൂപ നഷ്ടപരിഹാരം ലഭിക്കുന്ന രീതിയിൽ മത്സ്യത്തൊഴിലാളികളെ ഇൻഷ്വർ ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഇതുവരെ എത്ര മത്സ്യത്തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ സാധിച്ചുവെന്ന് വിശദമാക്കാമോ? | (ബി) | 17.12.2017 മുതൽ ഒരു വർഷക്കാലത്തേയ്ക്ക് ഇൻഷ്വർ ചെയ്ത പ്രകാരം നഷ്ടപരിഹാരത്തിനായി ലഭിച്ച അപേക്ഷകളിൻമേൽ ഇൻഷ്വറൻസ് കമ്പനി ഇതുവരെ തീർപ്പ് കൽപിച്ച് ധനസഹായം അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ